LIBRARY ARCHIVES Kerala Legislative Assembly

## നികുതി വരുമാനം

13 (*43) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാവുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ബി) നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രതീക്ഷിത വരുമാനത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ&ബി) നടപ്പുസാമ്പത്തിക വർഷത്തിന്റെ പ്രാരംഭ ഘട്ടമായതിനാൽ പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാകുമോ എന്നത് ഇപ്പോൾ പൂർണ്ണമായി വിലയിരുത്താൻ കഴിയില്ല. എന്നിരുന്നാലും പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

## ലോട്ടറി രംഗത്തെ കർമ്മ പദ്ധതികൾ

14 (*44) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ-കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാകും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ലോട്ടറിരംഗം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും തിരിച്ചറിയൽ കാർഡും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. ടിക്കറ്റ് അച്ചടിയുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനായി വാട്ടർ മാർക്ക് പേപ്പറിൽ ടിക്കറ്റ് അച്ചടിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന് പുറമേ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടന പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ശ്രീ. ഡി. പ്രേമചന്ദ്രനെ (റിട്ട. ജില്ലാ ജഡ്ജി) ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു.

(സി)

1. ടിക്കറ്റ വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.

2. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.

3. ഒരേ നമ്പരിലുള്ള രണ്ട് ടിക്കറ്റുകൾ വിതരണം ചെയ്യുന്ന സംഭവം ടിക്കറ്റ് പ്രിന്റിംഗിലെയും വിതരണത്തിലെയും നിലവിലുള്ള അപാകതകൾ.

4. ടിക്കറ്റ് വിൽപ്പനമൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടയ്ക്കാതിരിക്കുന്ന വീഴ്ച.

LIBRARY ARCHIVES Kerala Legislative Assembly

5. അന്യസംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധക്കുറവുണ്ടായിട്ടുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(ഡി&ഇ) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## ആദിവാസി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം

15 (*45) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കാൻ വിനിയോഗിക്കുന്ന തുകകൾ യഥാവിധി ഉപയോഗപ്പെടുത്തിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ;

(സി) കിലോമീറ്ററുകളോളം യാത്ര ചെയ്ത് വിദ്യാലയത്തിൽ എത്തുന്ന കുട്ടികൾക്ക് ഭൂരിപക്ഷം പ്രദേശങ്ങളിലും ആവശ്യമായ റോഡുകളും മറ്റ് ഗതാഗത സൗകര്യങ്ങളും ഒരുക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ;

(ഡി) തുടർപഠനം നടത്തുന്നതിന് സൗകര്യം അപര്യാപ്തമായതിനാൽ ഭൂരിഭാഗം ആദിവാസി കുട്ടികൾക്കും അർഹമായ തുടർപഠനം നടത്തുന്നതിന് സാധ്യമാകാത്ത സാഹചര്യമാണ് നിലവിലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനുവദിക്കുന്ന മുഴുവൻ തുകയും ചെലവഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly